## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1011 05/03/2018 ൽ മറുപടിയ്ക്ക്

### കലോത്സവത്തിലൂടെ മെഡിക്കൽ-എഞ്ചിനീയറിംഗ് അഡ്മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ശശി | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വിദ്യാഭ്യാസ രംഗത്ത് മെഡിക്കൽ - എഞ്ചിനീയറിംഗ് (സർക്കാർ/സ്വകാര്യ മേഖലകളിൽ) രംഗത്ത് അഡ്മിഷനു വേണ്ടി കലോത്സവത്തിൽ പങ്കെടുക്കുന്നതിനായി പണമുള്ളവർ പ്രസ്തുത രംഗം കാലാകാലങ്ങളായി കൈയ്യടക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഏത് മാർഗ്ഗത്തിലൂടെയും കലോത്സവത്തിൽ പങ്കെടുത്ത് ഗ്രേഡ് വാങ്ങുന്നതിനുള്ള പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പ്രവണത തടയുവാനും പ്രസ്തുത രംഗത്ത് പ്രാവീണ്യം തെളിയിക്കുന്നവർക്ക് മാത്രം അവസരം ഉറപ്പു വരുത്താനുമായി ഈ സർക്കാർ സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ പ്രവണത തടയുന്നതിന് വേണ്ടി പരിഷ്കരിച്ച കലോത്സവ മാന്വൽ പ്രകാരമാണ് ഈ വർഷം സ്കൂൾ കലോത്സവം നടത്തിയിട്ടുള്ളത്. ആയതിനാൽ ഈ പ്രവണത പൂർണ്ണമായും തടയുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. കലാരംഗത്ത് പ്രാവീണ്യം തെളിയിച്ച പ്രശസ്തരായവരെ മാത്രമാണ് വിധികർത്താക്കളായി നിയമിച്ചിട്ടുള്ളത്. |
| (സി) | ഇത്തരത്തിലെ സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തനം നടത്തിയതായി ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയവർ ആരെല്ലാം; എന്തു നടപടികൾ ഇവർക്കെതിരെ നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (സി) | 2016-17-ലെ കലോത്സവത്തിൽ ഇത്തരം പ്രവർത്തനം നടത്തിയവർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. ഈ വർഷം സംസ്ഥാന ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട് വ്യാജ അപ്പീൽ ഉണ്ടാക്കിയവർക്കെതിരെ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നു വരികയാണ്.ആരുടേയും പേര് വിവരം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ